മെട്രോ വാർത്ത

11 January 2020

## 12 നോട്ടിക്കൽ മൈലിനുള്ളിൽ

# ട്രോളിങ് നിരോധിക്കണം

### രാജ്യാന്തര മറൈൻ സിമ്പോസിയം സമാപിച്ചു

കൊച്ചി: കടലിൽ 12 നോട്ടിക്കൽ മൈലിനുള്ളിൽ ട്രോളിങ് നിരോധനം നടപ്പിലാക്കണമെന്നു രാജ്യാന്തര മറൈൻ സിമ്പോസിയം. ഈ മേഖല ചെറുകിട മത്സ്യബന്ധനത്തിന് മാത്രമായി നിജപ്പെടുത്തണം. ഇവിടെ ട്രോളിങ് നടത്തുന്നതു ചെറുകിട മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുമെന്നും സിമ്പോസിയം മുന്നോട്ട് വെച്ച നിർദേശത്തിൽ പറയുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സമുദ്രശാസ്ത്രജ്ഞർ, മത്സ്യ ഗവേഷകർ എന്നിവർ ചേർന്നാണ് നിർദേശങ്ങൾ തയ്യാറാക്കിയത്.

കടൽ ജൈവ വൈവിധ്യങ്ങളുടെ സംരക്ഷണം വേണ്ടത്ര കാര്യക്ഷമമാക്കുന്നതിനു 1972ലെ വന്യജീവി സംരക്ഷണ നിയമം പരിഷ്കരിക്കണമെന്നും നിർദേശത്തിലുണ്ട്. നിയമത്തിലെ ചില പട്ടികകൾ സമുദ്ര ജൈവവൈവിധ്യ സംരക്ഷണത്തിന് മതിയായതാണോ എന്ന് വിദഗ്ധ സമിതി പരിശോധിക്കണം. കാലാവസ്ഥാവ്യതിയാനം മൂലം മത്സ്യബന്ധനരീതികളിൽ വന്ന പ്രതിസന്ധി പരിഹരിക്കാൻ, ശരിയായ സാങ്കേതികവിദ്യകളുടെ സഹായത്തോടെ മത്സ്യബന്ധനം സുസ്ഥിരമായി വികസിപ്പിക്കണമെന്നും സിമ്പോസിയം ആവശ്യപ്പെട്ടു.

മത്തിയുടെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവ് കാരണം ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് കനത്ത നഷ്ടമുണ്ടായതായി കണ്ടെത്തൽ. മത്തിയുടെ കുറവ് കാരണം 2014 മുതൽ ചെറുകിട വള്ളങ്ങൾ ഉപയോഗിച്ചുള്ള മീൻപിടുത്തം പകുതിയിലേറെ കുറഞ്ഞതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകർ കണ്ടെത്തി. സിഎംഎഫ്ആർഐയിൽ നടന്ന രാജ്യാന്തര മറൈൻ സിമ്പോസിയത്തിലാണ് പഠന റിപ്പോർട്ട് അവതരിപ്പിച്ചത്.

ചെറിയ വള്ളങ്ങളിൽ നിന്നുള്ള ശരാശരി വരുമാനം 12,000 രൂപയായിരുന്നതു 2014നു ശേഷം ശരാശരി 2500 രൂപയായി കുറഞ്ഞുവെന്നു പഠനത്തിന് നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ.എൻ.അശ്വതി പറഞ്ഞു. 2010 മുതൽ 2018 വരെയുള്ള മത്സ്യലഭ്യതയും വരുമാനവുമാണ് പഠനവിധേയമാക്കിയത്.

ഇക്കാലയളവിൽ മത്തിയുടെ ലഭ്യത 2.5 ലക്ഷം ടണ്ണിൽ നിന്നും 77,000 ടണ്ണായി കുറഞ്ഞു. ശരാശരി 19.82 ശതമാനം വാർഷിക കുറവാണ് മത്തിയിലുണ്ടായത്.

മത്തിക്ക് ക്ഷാമം നേരിട്ടപ്പോൾ, ചില്ലറ വ്യാപാരത്തിൽ മത്തിയുടെ വില ശരാശരി 47 രൂപയിൽ നിന്നും 120 രൂപയായി ഉയർന്നു. എന്നിട്ടും, മത്തിയുടെ മൂല്യം 1219 രൂപ കോടി രൂപയിൽ നിന്നും 925 കോടി രൂപയായി ഇടിഞ്ഞതായും പഠനത്തിൽ വ്യക്തമാകുന്നു. കേരളത്തിലെ സാധാരണ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിയുടെ ആഴം വെളിപ്പെടുത്തതാണ് ഈ പഠനം. മത്തിയുടെ ഏറ്റക്കുറച്ചിലുകൾ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ദൈനംദിന ജീവിതത്തെ നേരിട്ട് ബാധിക്കുന്നതാണെന്ന് ഡോ.അശ്വതി പറഞ്ഞു.

2012 ൽ 3.9 ലക്ഷം ടൺ മത്തി കേരള തീരങ്ങളിൽ നിന്ന് ലഭിച്ചിരുന്നു. എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ മത്തിയുടെ ലഭ്യതയിൽ ഗണ്യമായ കുറവുണ്ടായി. 2017ൽ നേരിയ വർധനവുണ്ടായെങ്കിലും വീണ്ടും മത്തി കുറയുകയാണുണ്ടായത്. 2018ൽ 77,093 ടൺ മത്തിയാണ് കേരളത്തിൽ ലഭ്യമായത്.

സിഎംഎഫ്ആർഐയിൽ കഴിഞ്ഞ നാലു ദിവസങ്ങളിലായി നടന്ന സിമ്പോസിയത്തിൽ കാലാവസ്ഥാവ്യതിയാനം, കടലിലെ ആവാസവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, മത്സ്യബന്ധനരീതികൾ, മത്സ്യകൃഷി, സാമ്പത്തിക പ്രതിഫലനം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടന്നു.

സമാപന സംഗമത്തിൽ ഡോ.പ്രവീൺ പുത്ര, ഡോ.എ. ഗോപാലകൃഷ്ണൻ, ഡോ. കെ.കെ.സി.നായർ, ഡോ.എൻ.ജി.കെ.പിള്ള, ഡോ.പി.നമ്മൽവർ, ഡോ.കെ.സുനിൽ മുഹമ്മദ് എന്നിവർ സംസാരിച്ചു.